MAY 2024 **U/ID 30730/ULD3A**

Time : Three hours Maximum : 75 marks

PART A — ($10 \times 2 = 20$ marks)

30 വാക്കിൽ കവിയാതെ പത്തെണ്ണത്തിന് ഉത്തരമെഴുതുക.

1. നിൻ തേരോടുന്നിതു ബുധരെങ്ങുനോക്കിയാലും - എങ്ങനെ?

2. പട്ടണമൊക്കെയും കണ്ണടച്ചു - ആരെ കണ്ടു സഹിക്കാഞ്ഞിട്ടാണെന്ന് കവി പറയുന്നു?

3. മതിലിന്നകം പൂകെത്തമ്പിരാനരുൾ ചെയ്തു - എന്താണ് പറഞ്ഞത്?

4. എത്ര ദുർബലനായ വേടൻ - പൊരുളെന്ത്?

5. അഭ്രച്ചേറിലയ്യോ മുങ്ങി മുങ്ങീലെന്നപോലെ നിൽക്കെ - എന്ത്? എങ്ങനെ?

6. നക്ഷത്രമാലകളാടുമോ മീതേ - എപ്പോഴാണ് ഇങ്ങനെ പറയുന്നത്?

7. നിനക്കു വേണ്ടതു സ്വാതന്ത്ര്യമല്ലേ, ഇവിടെ അതേയുള്ളൂ - എങ്ങനെ?

8. രണ്ടാമൻ തിന്നപ്പെടുന്നു - ആരെക്കുറിച്ചാണ് പറയുന്നത്?

9. പോംവഴിയില്ലിനി വേഗം പെരും കളി-
യോഗത്തിൽനിന്നുമൊഴിയുകയെന്നിയെ -
എന്തുകൊണ്ട്?

10. അവരവർക്കിഷ്ടമായിട്ടിരിക്കണം - കവിക്ക് ഇഷ്ട മല്ലാത്ത ഏതു കാര്യത്തെക്കുറിച്ചാണ് ആദ്യം സൂചിപ്പിക്കുന്നത്?

11. പിന്നെപ്പിന്നെ, തുണയായ് നീണ്ട മഹാഹസ്ത ങ്ങളയഞ്ഞൂ - തുണയായ് വന്നതാര്? സന്ദർഭമേത്?

12. മകന്റെ നേർക്ക് വാഗ്രൂപമായി അമ്മ വലിച്ചുവിട്ട വജ്രബാണം എന്നതിലൂടെ അമ്മയുടെ ഏതു ചോദ്യമാണ് കവി ഉദ്ദേശിക്കുന്നത്?

PART B — ($5 \times 5 = 25$ marks)

അഞ്ചു ചോദ്യത്തിന് ഉത്തരമെഴുതുക. ഓരോന്നും 200 വാക്കിൽ കവിയരുത്.

13. അമ്മയുടെ വാസ്തല്യത്തിന്റെയും ത്യാഗത്തിന്റെയും ശക്തി വ്യക്തമാക്കുന്ന കവിതയാണ് കാവിലെ പാട്ട് - സമർത്ഥിക്കുക.

14. അഹന്തയുടെ നാശമാണ് ഗജേന്ദ്രമോക്ഷം എന്ന കവിതയിലുള്ളത്. ഇത് കവിയുടെ തന്നെ അഹന്തയെക്കൂടി കാണിക്കുന്നുവെന്ന് കരുതാമോ? വിലയിരുത്തുക.

15. ഹുമയൂൺ രാജാവിന്റെ സ്വഭാവസവിശേഷതകൾ ഭാരതസ്ത്രീകൾ തൻ ഭാവശുദ്ധി എന്ന കവിതയിൽ എടുത്തുകാണിക്കുന്നു - വിശദമാക്കുക.

16. ഇടപ്പള്ളിക്കവിതകളുടെ പൊതുസ്വഭാവത്തെ മണിനാദത്തിൽ നിന്ന് കണ്ടെത്താനാവും - പരിശോധിക്കുക.

17. പെണ്ണുങ്ങൾ കാണാത്ത പാതിരാനേരങ്ങൾ എന്ന കവിതയ്ക്ക് ഒരാസ്വാദനം തയ്യാറാക്കുക.

18. സർവ്വേ ഓഫ് ഇന്ത്യയിലെ യാഥാർത്ഥ്യങ്ങളുടെ അവതരണം കവിതയെ മറ്റൊരു തലത്തിലേക്ക് അടുപ്പിക്കുന്നുണ്ടോ? വ്യക്തമാക്കുക.

19. മലയാള കവിതയ്ക്ക് ഒരു കത്ത് ചില യാഥാർത്ഥ്യങ്ങളെ ചൂണ്ടിക്കാണിക്കുന്നു - ചർച്ച ചെയ്യുക.

PART C — ($3 \times 10 = 30$ marks)

ഓരോന്നും 500 വാക്കിൽ കവിയാതെ
മൂന്നെണ്ണത്തിന് ഉത്തരമെഴുതുക.

20. മനഃശാസ്ത്രജ്ഞന്റെ ഉൾക്കാഴ്ചയോടെ അച്ഛനും തച്ഛനും തമ്മിൽ ഒരേ വ്യക്തിയിൽ ഏറ്റുമുട്ടുന്ന അനുഭവത്തെ ആവിഷ്കരിക്കാൻ ജി . ശങ്കരക്കുറുപ്പിന് സാധിക്കുന്നതെങ്ങനെ? വിശദമാക്കുക.

21. സൗന്ദര്യാവിഷ്കാരം കാവ്യകലയിൽ അനിവാര്യ മാണെന്ന് കവിതയിലൂടെ വ്യക്തമാക്കുന്ന തെങ്ങനെ? വിശദമാക്കുക.

22. കളിയച്ഛൻ എന്ന കവിതയ്ക്ക് ഒരു ആസ്വാദനം തയ്യാറാക്കുക.

23. ആത്മനിഷ്ഠത പുതുകവിതകളുടെ മുഖമുദ്രയാണ് - ഈ അഭിപ്രായം ശരിയോ? വിലയിരുത്തുക.

24. കവിതകൾ എക്കാലവും മനുഷ്യന്റെ ബാഹ്യവും ആന്തരികവുമായ പ്രശ്നങ്ങളിലേക്ക് കടന്നു ചെല്ലുന്നു - പുതിയ കാലത്തെ കവിതകളെ ആസ്പദമാക്കി ഉപന്യസിക്കുക.

———————